# ഖുർആൻ ബോധനം

582

എ.വൈ.ആർ

സൂറ-12

# യൂസുഫ്

وَرَٰوَدَتۡهُ ٱلَّتِي هُوَ فِي بَيۡتِهَا عَن نَّفۡسِهِۦ وَغَلَّقَتِ ٱلۡأَبۡوَٰبَ وَقَالَتۡ هَيۡتَ لَكَۚ
قَالَ مَعَاذَ ٱللَّهِۖ إِنَّهُۥ رَبِّيٓ أَحۡسَنَ مَثۡوَايَۖ إِنَّهُۥ لَا يُفۡلِحُ ٱلظَّٰلِمُونَ ﴿٢٣﴾

وَلَقَدۡ هَمَّتۡ بِهِۦۖ وَهَمَّ بِهَا لَوۡلَآ أَن رَّءَا بُرۡهَٰنَ رَبِّهِۦۚ
كَذَٰلِكَ لِنَصۡرِفَ عَنۡهُ ٱلسُّوٓءَ وَٱلۡفَحۡشَآءَۚ إِنَّهُۥ مِنۡ عِبَادِنَا ٱلۡمُخۡلَصِينَ
﴿٢٤﴾

وَٱسۡتَبَقَا ٱلۡبَابَ وَقَدَّتۡ قَمِيصَهُۥ مِن دُبُرٖ وَأَلۡفَيَا سَيِّدَهَا لَدَا ٱلۡبَابِۚ قَالَتۡ مَا
جَزَآءُ مَنۡ أَرَادَ بِأَهۡلِكَ سُوٓءًا إِلَّآ أَن يُسۡجَنَ أَوۡ عَذَابٌ أَلِيمٞ ﴿٢٥﴾

**23** യൂസുഫ് പാർത്ത വീടിന്റെ നായിക അദ്ദേഹത്തെ മോഹിച്ച് പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. ഒരിക്കൽ വീടിന്റെ വാതിലുകൾ അടച്ചുകൊണ്ട് അവളാവശ്യപ്പെട്ടു; ഇങ്ങു വരൂ! ഞാൻ നിനക്കായി ഒരുങ്ങിയിരിക്കുന്നു. അദ്ദേഹം വിസമ്മതിച്ചു: അല്ലാഹുവേ ശരണം! അദ്ദേഹം എന്റെ യജമാനനാണ്. എനിക്ക് ഏറ്റം നല്ല വസനം നൽകിയവൻ. ഞാനദ്ദേഹത്തെ വഞ്ചിക്കില്ല. ഇത്തരം ധർമവിരോധം പ്രവർത്തിക്കുന്നവർ ഒരിക്കലും വിജയിക്കുന്നതല്ല.

**24** അവൾ അദ്ദേഹത്തെ പ്രാപിക്കാനുദ്യുക്തയായി. വിധാതാവിന്റെ പ്രമാണം കണ്ടിരുന്നില്ലെങ്കിൽ അവളെ പ്രാപിക്കാൻ അദ്ദേഹവും ഉദ്യുക്തനാകുമായിരുന്നു. നാം അപ്രകാരം ചെയ്തു; തിന്മകളിൽ നിന്നും ആഭാസങ്ങളിൽനിന്നും അദ്ദേഹത്തെ അകറ്റാൻ. എന്തുകൊണ്ടാന്നാൽ, നമ്മുടെ നിഷ്ക്കളങ്കരാക്കപ്പെട്ട ദാസന്മാരിലൊരാളാണദ്ദേഹം.

**25** അവർ മത്സരിച്ച് വാതിൽക്കലേക്കോടി. അവൾ പിന്നിൽനിന്ന് അദ്ദേഹത്തിന്റെ കുപ്പായം പിടിച്ചുകീറി. വാതിൽക്കൽ അവളുടെ ഭർത്താവ് വന്നെത്തിയതായി രണ്ടുപേരും കണ്ടു. അപ്പോൾ അവൾ മുറവിളി കൂട്ടി: അങ്ങയുടെ ഭാര്യയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചവന്ന് എന്തു സമ്മാനമാണ് കൊടുക്കുക; കാരഗൃഹവാസമോ കഠിന ദണ്ഡനമോ അല്ലാതെ?

وَرَٰوَدَتۡهُ ٱلَّتِي هُوَ فِي بَيۡتِهَا عَن نَّفۡسِهِۦ= അവൻ ഏതൊരുവളുടെ വീട്ടിലാണോ, അവൾ അവന്റെ ദേഹം മോഹിച്ച് പ്രലോഭിപ്പിച്ചു(യൂസുഫ് പാർത്ത വീടിന്റെ നായിക അദ്ദേഹത്തെ മോഹിച്ച് പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു)
وَغَلَّقَتِ= (ഒരിക്കൽ) അവൾ അടച്ചു ٱلۡأَبۡوَٰبَ= വാതിലുകൾ وَقَالَتۡ= അവൾ പറഞ്ഞു (ആവശ്യപ്പെട്ടു)
هَيۡتَ لَكَ= (ഇങ്ങു) വരൂ, ഞാൻ നിനക്കുവേണ്ടി ഒരുങ്ങിയിരിക്കുന്നു قَالَ= അദ്ദേഹം പറഞ്ഞു(വിസമ്മതിച്ചു)

مَعَاذَ ٱللَّهِ= അല്ലാഹുവേ ശരണം إِنَّهُۥ= തീർച്ചയായും അദ്ദേഹം (ഞാനദ്ദേഹത്തെ വഞ്ചിക്കില്ല) رَبِّيٓ= എന്റെ യജമാനനാകുന്നു

أَحْسَنَ= ഏറ്റം നന്നാക്കിയവൻ(നല്ല) مَثْوَايَ= എന്റെ വസനം(എനിക്കു നൽകിയവൻ) إِنَّهُۥ= തീർച്ചയായും കാര്യം

لَا يُفْلِحُ= (ഒരിക്കലും) വിജയിക്കുന്നതല്ല ٱلظَّٰلِمُونَ= (ഇത്തരം) ധർമവിരോധം പ്രവർത്തിക്കുന്നവൻ

وَلَقَدْ هَمَّتْ= അവൾ ഉദ്യുക്തയായി بِهِۦ= അദ്ദേഹത്തെ പ്രാപിക്കാൻ

وَهَمَّ بِهَا= അവളെ പ്രാപിക്കാൻ അദ്ദേഹവും ഉദ്യുക്തനാകുമായിരുന്നു لَوْلَآ أَن رَّءَا= അദ്ദേഹം കണ്ടിരുന്നില്ലെങ്കിൽ

بُرْهَٰنَ رَبِّهِۦ= അദ്ദേഹത്തിന്റെ വിധാതാവിന്റെ ദൃഷ്ടാന്തം كَذَٰلِكَ= അപ്രകാരം(നാം ചെയ്തു) لِنَصْرِفَ= നാം തെറ്റിക്കാൻ, അകറ്റാൻ

عَنْهُ= അദ്ദേഹ(ത്തെ)ത്തിൽനിന്ന് ٱلسُّوٓءَ= തിന്മകളെ وَٱلْفَحْشَآءَ= ആഭാസ, അശ്ലീലങ്ങളെയും

إِنَّهُۥ= എന്തുകൊണ്ടെന്നാൽ തീർച്ചയായും അദ്ദേഹം مِنْ عِبَادِنَا= നമ്മുടെ ദാസന്മാരിൽ(ഒരാൾ)പ്പെട്ടവൻ ആകുന്നു

ٱلْمُخْلَصِينَ= നിഷ്കളങ്കരാക്കപ്പെട്ട وَٱسْتَبَقَا= രണ്ടുപേരും മത്സരിച്ച് ഓടി ٱلْبَابَ= വാതിൽക്കലേക്ക് وَقَدَّتْ= അവൾ (പിടിച്ചു) കീറി

قَمِيصَهُۥ= അദ്ദേഹത്തിന്റെ കുപ്പായം مِن دُبُرٍ= പിന്നിൽനിന്ന് وَأَلْفَيَا= (വന്നെത്തിയതായി)ഇരുവരും കണ്ടു

سَيِّدَهَا= അവളുടെ യജമാന(ഭർത്താവി)നെ لَدَا ٱلْبَابِ= വാതിൽക്കൽ قَالَتْ= അവൾ പറഞ്ഞു(മുറവിളികൂട്ടി)

مَا جَزَآءُ= എന്താണ് പ്രതിഫലം(സമ്മാനം കൊടുക്കുക)

مَنْ أَرَادَ بِأَهْلِكَ سُوٓءًا= നിന്റെ ഭാര്യയെക്കൊണ്ട് തിന്മ ഉദ്ദേശിച്ചവന്ന്(അങ്ങയുടെ ഭാര്യയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചവന്)

إِلَّآ أَن يُسْجَنَ= കാരാഗൃഹത്തിൽ വസിപ്പിക്കപ്പെടുകയല്ലാതെ أَوْ عَذَابٌ أَلِيمٌ= അല്ലെങ്കിൽ വേദനിക്കുന്ന(കഠിന) ദണ്ഡനം അല്ലാതെ

**23:** യൂസുഫ്(അ) ഈജിപ്ഷ്യൻ ഉദ്യോഗസ്ഥ പ്രമുഖന്റെ വീട്ടിൽ എല്ലാ സ്വാതന്ത്ര്യങ്ങളും സൗകര്യങ്ങളുമനുഭവിച്ച് വീട്ടിലെ കാര്യക്കാരനായി ജീവിച്ചു വരുമ്പോൾ നടന്ന, അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയൊരു നാഴികക്കല്ലായിത്തീർന്ന സംഭവമാണ് ഇവിടെ പരാമർശിക്കുന്നത്.

യൂസുഫ്(അ) അതിസുന്ദരനായിരുന്നു. ലോക സുന്ദരൻ എന്നൊക്കെ കഥകൾ വിശേഷിപ്പിക്കാറുണ്ട്. പതിനേഴിനും ഇരുപത്തി അഞ്ചിനും ഇടക്കുള്ള യൗവനം മുറ്റുന്ന കാലത്താണ് അദ്ദേഹം ഈജിപ്ഷ്യൻ പ്രഭുവിന്റെ വസതിയിൽ പാർത്തിരുന്നത്. പ്രഭു അദ്ദേഹത്തെ പുത്രനായിട്ടാണ് കണ്ടത്. ഭാര്യയോട് അതു വെളിപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഭാര്യ കണ്ടത് അങ്ങനെയല്ല; ഏതു സ്ത്രീയെയും മോഹിപ്പിക്കുന്ന കോമള ഗാത്രനായ യുവാവായിട്ടാണ്. കാലം ചെല്ലുന്തോറും അവർക്കദ്ദേഹത്തിൽ മോഹം വളർന്നു. പ്രലോഭനങ്ങളിലൂടെ, പ്രീണനങ്ങളിലൂടെ അദ്ദേഹത്തെ വശത്താക്കാൻ ശ്രമിച്ചുതുടങ്ങി. ഗുരുതരമായ കുറ്റമായിട്ടൊന്നും അവരതിനെ കണ്ടിരുന്നില്ല. അത്രക്ക് മോശമായിരുന്നു അന്ന് ആ സമൂഹത്തിന്റെ പൊതു സദാചാര നിലവാരമെന്ന് തുടർന്ന് വരുന്ന 30-33 സൂക്തങ്ങൾ ഉദ്ധരിക്കുന്ന സംഭവത്തിൽനിന്നു വ്യക്തമാകുന്നുണ്ട്.

ഒരു ദിവസം വീട്ടിൽ മറ്റാരുമില്ലാത്ത സന്ദർഭം നോക്കി, പ്രഭുപത്നി വീടിന്റെ വാതിലുകളടച്ച് യൂസുഫിനെ താനുമായി രമിക്കാൻ ക്ഷണിച്ചു. അദ്ദേഹം വഴങ്ങിയില്ല. അദ്ദേഹം പറഞ്ഞു: എന്നെ ഈ വീട്ടിൽ ഒരടിമയെപ്പോലെയോ ഭൃത്യനെപ്പെലെയോ അല്ലാതെ എല്ലാ സ്വാതന്ത്ര്യങ്ങളോടെയും സൗകര്യങ്ങളോടെയും ഒരു മകന്റെ വിലയും നിലയും നൽകി പരിപാലിക്കുന്നവനാണ് നിങ്ങളുടെ ഭർത്താവായ എന്റെ യജമാനൻ. എന്നിട്ടും ഞാനദ്ദേഹത്തെ വഞ്ചിക്കുന്നുവെങ്കിൽ എന്നെപ്പോലെ നന്ദികെട്ടവൻ മറ്റാരാണ്? അതിനും പുറമെ കൊടിയ അധർമവുമാണത്. അത്തരം അധർമകാരികൾ ഒരിക്കലും വിജയിക്കാൻ പോകുന്നില്ല.

അനാശാസ്യമായ, പ്രത്യേകിച്ചും ലൈംഗികമായ കാര്യത്തിനുവേണ്ടി മറ്റൊരാളെ പ്രലോഭിപ്പിച്ചും പ്രീണിപ്പിച്ചും വശീകരിക്കുക എന്ന അർഥത്തിലുള്ള مراودةൽ നിന്നുള്ള ഭൂതകാല സ്ത്രീലിംഗ ക്രിയയാണ് راودت. അനുരാഗ പ്രേരിതരായി യുവതീ യുവാക്കൾ പരസ്പരം വശീകരിക്കാൻ ശ്രമിക്കുന്നത് -നാടൻ ഭാഷയിൽ വളച്ചെടുക്കാൻ നോക്കുന്നത് مراودة ആകുന്നു. മൂലത്തിലെ هَيْتَ لَكَ എന്ന വാക്കിനെയാണ് 'വരൂ ഞാൻ നിനക്കായി ഒരുങ്ങിയിരിക്കുന്നു' എന്ന് തർജമ ചെയ്തിരിക്കുന്നത്. വരൂ, കൊണ്ടുവരൂ, എന്നെ അനുവദിക്കൂ എന്നൊക്കെ അർഥമുള്ള هاتയുടെ പാഠഭേദമായി കണക്കാക്കിക്കൊണ്ടാണിത്. تهيئت لَكَ (ഞാനിതാ നിനക്കു വഴങ്ങാൻ സന്നദ്ധയായിരിക്കുന്നു) എന്നതിന്റെ രൂപഭേദമായും ചിലർ കണക്കാക്കുന്നുണ്ട്. ഏതർഥത്തിലെടുത്താലും പ്രഭു പത്നി തന്റെ കാമാസക്തി ശമിപ്പിക്കാൻ യൂസുഫിനോടാവശ്യപ്പെടുകയാണീ വാക്കിലൂടെ.

ഈ സൂക്തത്തിൽ പരാമർശിക്കുന്ന إِنَّهُۥ رَبِّيٓ കൊണ്ടുദ്ദേശ്യം സുലൈഖയുടെ ഭർത്താവും യൂസുഫിന്റെ ഉടമയുമായ പ്രഭുവാകുന്നു എന്നാണ് വലിയൊരു വിഭാഗം പണ്ഡിതന്മാർ കരുതുന്നത്. പശ്ചാത്തലം അത് സ്പഷ്ടമാക്കുന്നതായി അവർ വാദിക്കുന്നു. ഇതനുസരിച്ചാണ് അദ്ദേഹം എന്റെ യജമാനനാകുന്നു എന്ന് തർജമ ചെയ്തത്. സാങ്കേതികാർഥത്തിൽ റബ്ബ് അല്ലാഹുവാണെങ്കിലും യജമാനൻ, ഉടമസ്ഥൻ, രക്ഷിതാവ് എന്നീ ഭാഷാർഥത്തിലും അത് ഉപയോഗിക്കാറുണ്ട്. ربّ المال മുതലാളിയും ربّ البيت വീട്ടുടമയും ربّة البيت ഗൃഹനായികയുമാണ്. ഈ അർഥ കൽപനയോട് ശക്തിയായി വിയോജിച്ചുകൊണ്ട് അല്ലാഹു എന്ന സാങ്കേതികാർഥത്തിൽ തന്നെയാണ് ഇവിടെയും 'റബ്ബ്' ഉപയോഗിച്ചിരിക്കുന്നതെന്ന് മറ്റൊരു വിഭാഗം പണ്ഡിതന്മാർ പറയുന്നു. തൊട്ടുമുമ്പ് വ്യക്തമായി പരാമർശിച്ചിരിക്കുന്നത് അല്ലാഹുവിനെയാണ് -مَعَاذَ ٱللَّهِ. അതിനുശേഷം വരുന്ന انه എന്നതിലെ ہ എന്ന സർവനാമത്തെ ബന്ധിപ്പിക്കേണ്ടത് അതുമായിട്ടാണ്. ഈ ہ ന്റെ വിശദീകരണമാണ് ربّى. കൂടാതെ ഒരു പ്രവാചകൻ ഒരിക്കലും അല്ലാഹുവല്ലാത്ത ആരെയും 'റബ്ബ്' എന്നു വിളിക്കുകയില്ല. ഇതാണ് അവരുടെ ന്യായം. പ്രവാചകന്മാർ അല്ലാഹുവല്ലാത്തവരെ സാങ്കേതികാർഥത്തിൽ റബ്ബ് എന്നുവിളിക്കുകയില്ല എന്നത് ശരിതന്നെ. പക്ഷേ, സാങ്കേതികാർഥമുള്ള പദങ്ങളെ പ്രവാചകന്മാർ ഒരി

ക്കലും ഭാഷാർഥത്തിൽ ഉപയോഗിച്ചു കൂടാ എന്നില്ലല്ലോ. പദപ്രയോഗം രണ്ടു വിവക്ഷകളെയും സാധൂകരിക്കുന്നതിനാൽ, അപ്പോൾ യൂസുഫ് നബിയുടെ മനസ്സിലുണ്ടായിരുന്നത് ആരാണോ അതാണ് 'റബ്ബ്.' അത് അല്ലാഹുവുമാകാം, പ്രഭുവുമാകാം എന്നാണ് ഇനിയും ചിലരുടെ നിലപാട്.

മനസ്സിൽ അൽപം വക്രതയുള്ളവർ ഇത്തരം സന്ദർഭങ്ങളെ സുവർണാവസരമായിട്ടാണ് കാണുക. സുന്ദരിയും തന്നിൽ അധികാരമുള്ളവളുമായ ഒരു സ്ത്രീ ക്ഷണിക്കുമ്പോൾ വക്രതയൊന്നുമില്ലാത്ത സാധാരണക്കാരും വഴങ്ങിപ്പോവുക അസ്വാഭാവികമല്ല. അല്ലാഹുവിൽ ശരണം തേടിക്കൊണ്ടുള്ള യൂസുഫിന്റെ പ്രതികരണം അദ്ദേഹത്തിന്റെ ഉന്നതമായ സ്വഭാവശുദ്ധിയെയും ധാർമികബോധത്തെയുമാണ് വെളിപ്പെടുത്തുന്നത്. മറ്റു രക്ഷാമാർഗങ്ങളെല്ലാം അടഞ്ഞുപോയതായി കാണുമ്പോഴാണ് പ്രതിസന്ധികളിലകപ്പെടുന്നവർ പ്രതിയോഗിയുടെ മുമ്പിൽ ദൈവമേ ശരണം -مَعَاذَ ٱللَّهِ എന്നു പറയുക. ഈ സന്ദർഭത്തിൽ ഒരു വിധപ്പെട്ടവരുടെയെല്ലാം മനസ്സിൽ ദൈവബോധമുണരുകയും അധർമത്തിൽനിന്ന് സ്വയം പിന്തിരിയുകയും ചെയ്യും. പ്രവാചകൻ പറഞ്ഞ ഒരു കഥ അതിനുദാഹരണമാണ്:

'ഒരാൾ അതിസുന്ദരിയായ ഒരു യുവതിയെ കാമിച്ചിരുന്നു. അവൾ വളരെ സുശീലയും ചാരിത്ര്യവതിയുമായതുകൊണ്ട് അയാൾക്ക് വഴങ്ങിയില്ല. ഒരിക്കൽ വിജനമായ ഒരു സ്ഥലത്ത് വെച്ച് അയാൾ അവളെ ഒറ്റക്ക് കണ്ടുമുട്ടി. തന്റെ ആഗ്രഹപൂർത്തീകരണത്തിന് ഏറ്റം പറ്റിയ സമയം ഇതുതന്നെ എന്ന് തീരുമാനിച്ച് അയാളവളെ കടന്നു പിടിക്കാൻ തുടങ്ങി. അവൾക്ക് രക്ഷപെടാൻ പഴുതുണ്ടായിരുന്നില്ല. അവളയാളോട് ഇങ്ങനെ പറയുക മാത്രം ചെയ്തു: اتق الله -അല്ലാഹുവിനെ സൂക്ഷിക്കുക. അതുകേട്ടതും അയാൾ പ്രകമ്പിതനായി അവളിൽനിന്നകന്നുപോയി."

സൂറ *മർയമിൽ*, ഏകാന്തതയിലിരിക്കുന്ന മറിയമിന്റെ അടുത്ത് മനുഷ്യരൂപത്തിൽ മലക്ക് പ്രത്യക്ഷപ്പെട്ടത് അനുസ്മരിക്കുന്നുണ്ട്. തന്നെ ബലാൽക്കാരം ചെയ്യാനെത്തിയ മനുഷ്യനാണയാളെന്നും രക്ഷപ്പെടാൻ മാർഗമൊന്നുമില്ലെന്നും തോന്നിയ മറിയം അവസാനത്തെ അവലംബമെന്നോണം അയാളോട് പറഞ്ഞത് إِنِّىٓ أَعُوذُ بِٱلرَّحْمَٰنِ مِنكَ إِن كُنتَ تَقِيًّا (നിന്നിൽനിന്ന് ഞാൻ കരുണാമയനായ ദൈവത്തോടഭയം തേടുന്നു, നീ ധർമബോധമുള്ളവനെങ്കിൽ) എന്നാണ്. ഇത്തരം സന്ദർഭങ്ങളിൽ മാത്രമല്ല ഏതു പ്രതിസന്ധിയിലാകട്ടെ, എല്ലാ രക്ഷാമാർഗങ്ങളും അടഞ്ഞുകഴിഞ്ഞാലും വിശ്വാസികളായ സ്ത്രീയുടെയും പുരുഷന്റെയും മുന്നിൽ ഒരിക്കലും അടയാതെ സദാ തുറന്നു കിടക്കുന്ന രക്ഷാകവാടമാണിത്. അപരൻ അല്ലാഹുവിൽ ശരണം തേടുന്നതു കേട്ടാൽ വിഹിതവും ന്യായവുമായ കാര്യങ്ങൾ പോലും വിട്ടുകൊടുക്കുകയാണ് സജ്ജനചര്യ. അല്ലാഹുവിനെയോർത്ത് ഇന്നതു ചെയ്യണം, ചെയ്യരുത് എന്നപേക്ഷിക്കുന്നത് കേട്ടാൽ അത്ര പെട്ടെന്ന് അതവഗണിക്കാൻ യഥാർഥവിശ്വാസിക്ക് കഴിയില്ല. ഇമാം ത്വബരി ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: "നബി(സ) ഒരു രാജകുമാരിയെ വിവാഹം ചെയ്തു. (അത് ദാവൂദുല്ലൈഥിയുടെ മകളായിരുന്നുവെന്നും അതല്ല ഫാത്വിമ ബിൻതു ദഹ്ഹാക്കിൽ കിലാബിയ്യഃ ആയിരുന്നുവെന്നും പ്രസ്താവമുണ്ട്) ആരെയും ആകർഷിക്കാൻ പോന്ന മാദകത്തിടമ്പായിരുന്നു അവർ. പ്രവാചക പത്നിമാരിൽ ചിലർക്ക് അവരുടെ മുന്നിൽ തങ്ങൾ ചെറുതാകുന്നതായി തോന്നി. അക്കൂട്ടത്തിൽ ഒരാൾ -അതുമിക്കവാറും ആഇശ(റ) ആയിരിക്കണം -പറഞ്ഞു: "നബി(സ) അവരെ വിവാഹം ചെയ്തു കൂടെ പാർപ്പിച്ചാൽ പിന്നെ നമ്മെക്കാളെല്ലാം മികച്ച പ്രവാചക പത്നി അവരായിരിക്കും." അവർ ചെന്ന് പുതുമണവാട്ടിയോടു പറഞ്ഞു: "നബിക്ക് ഏറെ ഇഷ്ടപ്പെട്ട ഒരു വചനമുണ്ട്. അത് പറയുന്നവരെയും അദ്ദേഹം ഏറെ ഇഷ്ടപ്പെടും." അവർ ചോദിച്ചു: "ഏതാണാ വചനം?" ആഇശ പറഞ്ഞു: "നബി നിങ്ങളുടെ അടുത്തുവരുമ്പോൾ ഇങ്ങനെ പറയുക: أعوذ بالله منك (നിന്നിൽനിന്ന് ഞാൻ ദൈവത്തിൽ അഭയം തേടുന്നു). പുതുമണവാട്ടിയുമായി ആദ്യമായി സന്ധിച്ചപ്പോൾ തന്നെ അവരിൽനിന്ന് ഈ വചനം കേട്ട പ്രവാചകൻ "നീ അത്യുന്നത ശക്തിയിൽ തന്നെ അഭയം നേടിയിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് അവരിൽനിന്ന് അകന്നുപോന്നു. തുടർന്ന് തിരുമേനി അവരെ ഭംഗിയായി പിരിച്ചയച്ചു." സ്വഹീഹുൽ ബുഖാരിയും ഈ സംഭവം (കിതാബുത്ത്വലാഖിൽ) പരാമർശിക്കുന്നുണ്ട്.

**24:** പക്ഷേ, പ്രഭുപത്നി മേൽപറഞ്ഞ കൂട്ടത്തിലൊന്നും പെട്ട സ്ത്രീ ആയിരുന്നില്ല. യൂസുഫിന്റെ പ്രാർഥനയും അവരുടെ മനസാക്ഷിയെ ഉണർത്തിയില്ല. അവർ ആസക്തിയോടെ യൂസുഫിനെ പുണരാൻ ഒരുമ്പെട്ടു. ഒരു സംഗതി ചെയ്യാൻ ബോധപൂർവം തീരുമാനിച്ചുറച്ച് അതിനുവേണ്ടി തുനിഞ്ഞു എന്നാണ് هم به എന്ന മൂലവാക്കിന്റെ അർഥം. അത്തരം സന്ദർഭത്തിൽ ആരോഗ്യവാനായ ഒരു യുവാവ് എന്ന നിലയിൽ അദ്ദേഹം അവരെയും പുണരാൻ വെമ്പുമായിരുന്നു. പക്ഷേ, ഇവിടെ അതുണ്ടായില്ല. അദ്ദേഹത്തിന്റെ ഉണർന്ന മനസ്സാക്ഷി അതു വിലക്കുകയായിരുന്നു. അല്ലാഹു എല്ലാ മനുഷ്യരുടെയും അന്തരാളത്തിൽ ധർമത്തോടും അധർമത്തോടുമുള്ള താൽപര്യം നിക്ഷേപിച്ചിട്ടുണ്ട് - وَنَفْسٍ وَمَا سَوَّىٰهَا ﴿٧﴾ فَأَلْهَمَهَا فُجُورَهَا وَتَقْوَىٰهَا ﴿٨﴾ (മനസ്സും അതിനെ സന്തുലിതമാക്കിയതുമാണ, എന്നിട്ടവൻ അതിന്റെ പാപബോധവും ധർമബോധവും ബോധനം ചെയ്തിരിക്കുന്നു). മനസ്സിന്റെ ഈ ഭാവങ്ങളെ امارة بالسوء (തിന്മകൽപിക്കുന്നത്) എന്നും لوامة بالسوء (തിന്മയെ ആക്ഷേപിക്കുന്നത്) എന്നും വ്യവഹരിക്കപ്പെടുന്നു. സത്യവിശ്വാസവും സംസ്കാരവുമുള്ളവരിൽ 'ലവ്വാമതുംബിസ്സൂഅ്' ആയിരിക്കും കൂടുതൽ സജീവമായിരിക്കുക. അവിശ്വാസികളിലും അസാന്മാർഗികരിലും മുന്നിട്ടു നിൽക്കുക 'അമ്മാറതുൻബിസ്സൂഉം'. യൂസുഫി(അ)നെപ്പോലുള്ള അതിവിശിഷ്ടന്മാരിൽ, വഴിതെറ്റിപ്പോകാനിടയുള്ള ഏതു സന്ദർഭത്തിലും ലവ്വാമതുൻബിസ്സൂഅ് ഉത്തിഷ്ഠമാകുന്നു. മനസ്സിന്റെ ഈ ഗുണം അല്ലാഹു നൽകിയിട്ടുള്ളതായതുകൊണ്ടാണ് അതിനെ بُرْهَٰنَ رَبِّهِۦ (നാഥന്റെ പ്രമാണം) എന്നു വിശേഷിപ്പിച്ചത്.

وَهَمَّ بِهَا لَوْلَآ أَن رَّءَا بُرْهَٰنَ رَبِّهِۦ എന്ന വാക്യം മറ്റു വിധത്തിലും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ഇസ്രായീലി ഇതിഹാസങ്ങളെ ആസ്പദമാക്കിയുള്ളതാണതിലൊന്ന്. പ്രഭുപത്നി കാമാസക്തയായി ക്ഷണിച്ചപ്പോൾ യൂസുഫിനും കാമമുണരുകയും അവരെ പുണരാൻ വെമ്പുകയും ചെയ്തു. അദ്ദേഹം അവരോടൊപ്പം കിടക്കാൻ തുടങ്ങിയപ്പോൾ മുറിയുടെ ചുവരിൽ പിതാവ് യഅ്ഖൂബ് നബിയുടെ രൂപം തെളിയുകയും യൂസുഫിനെ ആ നടപടിയിൽനിന്ന് വിലക്കുകയും ചെയ്തു. മറ്റൊരു വ്യാഖ്യാനം ഇപ്രകാരമാണ്: പ്രഭുപത്നി യൂസുഫിലും യൂസുഫ് അവരിലും ആസക്തരായി വസ്ത്രമുരിയാൻ തുടങ്ങിയപ്പോൾ അവർ വീട്ടിലുണ്ടായിരുന്ന പൂജാവിഗ്രഹം മുണ്ടിട്ടുമൂടി. യൂസുഫ് അതെന്തിനാണെന്നന്വേഷിച്ചപ്പോൾ അവൾ പറഞ്ഞു: "ഇക്കോലത്തിൽ എന്റെ ദൈവം എന്നെ കാണുന്നതിൽ ലജ്ജയുണ്ട്." അപ്പോൾ യൂസുഫ് ആത്മഗതം ചെയ്തു: "തിന്നുകയോ കുടിക്കുകയോ ചെയ്യാത്ത വിഗ്രഹത്തെച്ചൊല്ലി നീ ലജ്ജിക്കുക, ഓരോ ആത്മാവിന്റെയും കർമങ്ങൾ സദാ കണ്ടുനിൽക്കുന്ന എന്റെ ദൈവം കാണുന്നതിൽ എനിക്ക് ലജ്ജയില്ലാതിരിക്കുകയോ?......" അന

ന്തരം അദ്ദേഹം പ്രസ്താവിച്ചു: “നീ ആഗ്രഹിക്കുന്നത് ഒരിക്കലും എന്നിൽനിന്ന് നേടാനൊക്കില്ല.” ഇതാണ് അദ്ദേഹം കണ്ട ‘ബുർഹാൻ’. ചില നിവേദനങ്ങളിൽ യൂസുഫ് കണ്ട ദൈവിക പ്രമാണം സൂറ *അൽഇൻഫിത്വാറി*ലെ 10,11,12 സൂക്തങ്ങളും സൂറ *യൂനുസി*ലെ 61,62 സൂക്തങ്ങളും സൂറ *അർറഅ്ദി*ലെ 33-ാം സൂക്തവും ആയിരുന്നുവെന്നും പറയുന്നുണ്ട്.

ഈ വ്യാഖ്യാനങ്ങൾക്കൊന്നും ആധികാരികമായ തെളിവുകളില്ല. ഇവ സംബന്ധിച്ച നിവേദനങ്ങൾ ദുർബലങ്ങളാണ്. ഈ വ്യാഖ്യാതാക്കൾ وَهَمَّ بِهَا لَوْلَآ أَن رَّءَا بُرْهَٰنَ رَبِّهِۦ എന്ന വാക്യത്തെ ‘അദ്ദേഹം അവളെ പ്രാപിക്കാൻ ഉദ്യുക്തനായി, പക്ഷെ തക്ക സമയത്ത് നാഥന്റെ പ്രമാണം കണ്ടതിനാൽ പിന്മാറി’ എന്ന അർഥത്തിലാണെടുക്കുന്നത്. എന്നുവെച്ചാൽ, ഒരവസരം കിട്ടിയപ്പോൾ യൂസുഫ് യജമാനത്തിയുമായി അവിഹിത സംഗമത്തിന് തയാറായി എന്നും അല്ലാഹു സവിശേഷമായ പ്രമാണ ദർശനം നൽകിയതിലൂടെ അദ്ദേഹത്തെ പിന്തിരിപ്പിക്കുകയായിരുന്നുവെന്നും. തൊട്ട് മുൻസൂക്തത്തിൽ ഉദ്ധരിച്ച قَالَ مَعَاذَ ٱللَّهِ..........لَا يُفْلِحُ ٱلظَّٰلِمُونَ എന്ന യൂസുഫ് നബിയുടെ പ്രതികരണത്തിന് വിരുദ്ധമാണീ അർഥകൽപനം. കൂടാതെ മഹത്തായ പ്രവാചകത്വ പദവിക്കുവേണ്ടി വാർത്തെടുക്കപ്പെട്ടുകൊണ്ടിരിക്കുന്ന വ്യക്തിത്വത്തിന്റെ സ്വഭാവശുദ്ധിക്കും സാത്വികഭാവത്തിനും നിരക്കുന്നതുമല്ല അത്.

രണ്ടു വ്യാഖ്യാനപ്രകാരവും യൂസുഫ്(അ) ആ സ്ത്രീയുമായി അനാശാസ്യത്തിൽ ഏർപ്പെടുകയുണ്ടായില്ല. ഒന്നാമത്തെ വ്യാഖ്യാനമനുസരിച്ച് അദ്ദേഹത്തിന്റെ ദൈവഭക്തിയിലധിഷ്ഠിതമായ മനസാക്ഷി തന്നെ അതിൽ നിന്ന് പിന്തിരിപ്പിച്ചു. രണ്ടാമത്തെ വ്യാഖ്യാനമനുസരിച്ച് പ്രത്യേക ദിവ്യവെളിപാടിലൂടെ അല്ലാഹു അദ്ദേഹത്തെ പിന്തിരിപ്പിച്ചു. രണ്ടുനിലയിലും ഈ സംഭവം പ്രവാചകന്മാരുടെ പാപസുരക്ഷിതത്വത്തിന്- عصمة الأنبياء - അടിവരയിടുന്നുണ്ട്. പാപങ്ങളിലും തെറ്റുകുറ്റങ്ങളിലും ഏർപ്പെടുന്നതിൽനിന്ന് പ്രവാചകന്മാർക്കു ലഭിക്കുന്ന ദൈവിക സംരക്ഷണമാണ് عصمة الأنبياء. കുറ്റം ചെയ്യാനുള്ള കഴിവ് പ്രവാചകന്മാർക്കുണ്ടാവില്ല എന്നല്ല ഇതിനർഥം. മറ്റു മനുഷ്യരെപ്പോലുള്ള മനുഷ്യർ തന്നെയാണ് പ്രവാചകന്മാർ. സാധാരണ മനുഷ്യരിലുള്ള ബല-ദൗർബല്യങ്ങൾ അടിസ്ഥാനപരമായി അവരിലുമുണ്ടാവും. പക്ഷേ, ബലങ്ങൾക്ക് -സദ്ഗുണങ്ങൾക്ക് ആയിരിക്കും എപ്പോഴും മുൻതൂക്കം. മിക്കപ്പോഴും സ്വന്തം സ്വഭാവശുദ്ധിയും സംസ്കാരമഹിമയും തന്നെ അവരെ തെറ്റുകുറ്റങ്ങളിൽ നിന്നകറ്റുന്നു. അഥവാ വല്ലപ്പോഴും വഴുതിപ്പോവുകയാണെങ്കിൽ വീഴുന്നതിനു മുമ്പെ അല്ലാഹു അവരെ പിടിക്കുന്നു. എല്ലാ പ്രവാചകന്മാരുടെ ചരിത്രത്തിലും ഇത്തരം സംഭവങ്ങൾ കാണാം. യൂസുഫ് നബിയുടെ ഈ സംഭവം ഒന്നാമത്തെ വ്യാഖ്യാന പ്രകാരം സ്വന്തം മനസാക്ഷിയാൽ രക്ഷിക്കപ്പെട്ടതിനും രണ്ടാമത്തെ വ്യാഖ്യാനപ്രകാരം അല്ലാഹുവിന്റെ പ്രത്യേക ഇടപെടലിനാൽ രക്ഷിക്കപ്പെട്ടതിനും ഉദാഹരണമാകുന്നു. وَهَمَّ بِهَا അദ്ദേഹം ഉദ്യുക്തനാകുമായിരുന്നു അല്ലെങ്കിൽ ആയി എന്ന വാക്ക് ആ സന്ദർഭത്തിൽ പ്രഭുപത്നിയുടെ പ്രലോഭനത്തിനു വഴങ്ങാനുള്ള ദൗർബല്യം- മാനുഷിക ഗുണം അദ്ദേഹത്തിൽ ഉണ്ടായിരുന്നു, അഥവാ അദ്ദേഹം ആ മനുഷ്യപ്രകൃതിക്കതീതനായിരുന്നില്ല എന്നു സൂചിപ്പിക്കുന്നുണ്ട്. ധർമബോധത്തിന്റെ- മനസാക്ഷിയുടെ ബലം ആ ദൗർബല്യത്തെ അതിജയിച്ചു. അല്ലെങ്കിൽ അല്ലാഹുവിന്റെ സവിശേഷ ഇടപെടൽ അദ്ദേഹത്തെ അതിൽ നിന്ന് തടഞ്ഞു. ഇത്തരം സന്ദർഭങ്ങളിൽ ഉത്തേജിതനാകാതിരിക്കുക ഷണ്ഡന്മാരാണെന്നും യൂസുഫ് ഷണ്ഡനായിരുന്നില്ല എന്ന് വ്യക്തമാക്കാനാണ് وَهَمَّ بِهَا എന്ന് എടുത്തു പറഞ്ഞതെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

كَذَٰلِكَ എന്ന മൂലവാക്കിനെയാണ് നാം അപ്രകാരം തന്നെ ചെയ്തു എന്നു തർജമ ചെയ്തിരിക്കുന്നത്. ‘അങ്ങനെയൊക്കെ സംഭവിപ്പിച്ചു’ എന്നും അർഥമാകാവുന്നതാണ്. ഇതുകൊണ്ടുദ്ദേശ്യം നേരത്തെ പറഞ്ഞ നാഥന്റെ പ്രമാണം കാണിക്കൽ മാത്രമാകാം, മൊത്തം സംഭവവുമാകാം. അതായത് പ്രഭ്വിയുടെ ദുർമോഹവും പ്രലോഭനവും അതിൽനിന്നുള്ള യൂസുഫിന്റെ രക്ഷപ്പെടലുമെല്ലാം ധാർമിക-സദാചാര ദൂഷ്യങ്ങളിൽനിന്നകറ്റി സംശുദ്ധവും സുദൃഢവുമായ വ്യക്തിത്വമായി അദ്ദേഹത്തെ വളർത്തിയെടുക്കുന്നതിനുവേണ്ടി അല്ലാഹു സംഭവിപ്പിച്ചതായിരുന്നു. ദൈവിക ദൗത്യത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട നിഷ്കളങ്ക ദാസന്മാരിലൊരാളാണദ്ദേഹം. വളരെ ഭാരിച്ചതാണദ്ദേഹത്തിന്റെ ദൗത്യം. സത്യപ്രബോധനത്തിനു പുറമെ രാജ്യത്തിന്റെയും ജനങ്ങളുടെയും അവരുടെ സമ്പത്തിന്റെയും അധികാരികയാകേണ്ടവൻ കൂടിയാണദ്ദേഹം. അതിന് പ്രകോപനങ്ങളെയും പ്രലോഭനങ്ങളെയും നൈമിഷികാസക്തികളെയും അതിജയിക്കാൻ പരിശീലിക്കേണ്ടതുണ്ട്. എല്ലാവിധ കളങ്കങ്ങളിൽ നിന്നും മുക്തനാക്കപ്പെട്ടവനാണ് مخلَص. അതിന്റെ ബഹുവചനമാണ് مخلَصين. ഇതിന് مخلِصين എന്നും ഒരു പാഠമുണ്ട്. നിഷ്കളങ്കൻ, കുറ്റമറ്റവൻ എന്നർഥം. രണ്ടിന്റെയും സാരം ഒന്നുതന്നെ. مخلَصൽ പുറമെനിന്നുള്ള ഇടപെടലിലൂടെ വിശുദ്ധിയാർജിച്ചു എന്ന സൂചനയുണ്ട്. സ്വയം നിഷ്കളങ്കനായിത്തീരുന്നവൻ مخلِص ആകുന്നു.

**25:** പ്രഭ്വി ആശ്ലേഷിക്കാൻ ശ്രമിച്ചപ്പോൾ യൂസുഫ് അവരിൽനിന്ന് കുതറി വാതിൽക്കലേക്കോടി. അവർ പിന്നലെ ഓടിവന്ന് അദ്ദേഹത്തിന്റെ കുപ്പായത്തിൽ പിടികൂടി. അതു വകവെക്കാതെ മുന്നോട്ടാഞ്ഞപ്പോൾ യൂസുഫിന്റെ കുപ്പായത്തിന്റെ പിൻവശം കീറിപ്പോയി. വാതിൽ തുറന്നു നോക്കുമ്പോൾ അവരുടെ യജമാനൻ അവിടെ വന്നെത്തിയിരിക്കുന്നു. നെറികെട്ട പെണ്ണുങ്ങൾ ഇത്തരം സന്ദർഭങ്ങളിൽ സാധാരണ അവലംബിക്കാറുള്ള തന്ത്രം ആ സ്ത്രീയും പ്രയോഗിച്ചു. അവർ വിളിച്ചുകൂവി. ‘ഇതാ നിങ്ങൾ വലിയ നല്ല പിള്ളയാക്കി വീട്ടിൽ പാർപ്പിച്ച ഇവൻ എന്നെ മാനഭംഗപ്പെടുത്താൻ തുനിഞ്ഞിരിക്കുന്നു. ഉടനെ ഇവനെ ജയിലിലടക്കണം. അല്ലെങ്കിൽ മറ്റെന്തെങ്കിലും കൊടിയ ശിക്ഷതന്നെ കൊടുക്കണം.’ ■